LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് എക്കോസിറ്റികൾ

19 [*286] ശ്രീ. എം. എ. കുട്ടപ്പൻ :

„ എം. എ. വാഹീദ് :

„ എം. പി. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര എക്കോസിറ്റികൾക്ക് രൂപം കൊടുക്കുവാൻ ഉദ്ദേശ്യമുണ്ട്. അവ ഏതെല്ലാം ;

(ബി) എക്കോസിറ്റി പദ്ധതിയിൽ എന്തെല്ലാം നവീകരണ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) :

(എ) ഒന്ന്. കോട്ടയം കുമരകം എക്കോസിറ്റി.

(ബി) ഖരമാലിന്യ നിർമ്മാർജ്ജനം, ട്രാഫിക് ആന്റ് ട്രാൻസ്പോർട്ടേഷൻ (റോഡ്, ജലഗതാഗതം) മാനേജ്മെന്റ്, കുടിവെള്ളവും ശുചിത്വവും, ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ്, പൊതുസ്ഥലങ്ങളെ നവീകരിച്ച് ഭംഗിയാക്കുക എന്നീ മേഖലകളിൽ പരിസ്ഥിതി സംരക്ഷണാർത്ഥമുള്ള ഇടപെടൽ പ്രവർത്തനങ്ങൾക്കാണ് കോട്ടയം കുമരകം ഇക്കോസിറ്റി പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

സിദ്ധവൈദ്യ മേഖലയ്ക്ക് പരിഗണന

20 [*287] ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പല മാരകരോഗങ്ങൾക്കുമുള്ള ഒറ്റമൂലി മരുന്നുകൾ, വേണ്ടത്ര പരിഗണനയും പ്രാധാന്യവും അധികൃതരുടെ ഭാഗത്തുനിന്ന് ലഭിക്കാത്തതിനാൽ അവ അന്യംനിന്നു പോകുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സിദ്ധവൈദ്യ മേഖലയിൽ സേവനമനുഷ്ഠിക്കുന്നവർക്ക് മതിയായ പരിഗണനയോ, മരുന്നു നിർമ്മിക്കുവാനുള്ള അനുമതിയോ ബന്ധപ്പെട്ട അധികൃതരിൽനിന്നും ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആയത് പരിഹരിക്കുവാനും ടി വൈദ്യൻമാർക്ക് അടിയന്തിരമായി രജിസ്ട്രേഷൻ തുടങ്ങിയവ ലഭ്യമാക്കുവാനും സർക്കാർ നടപടി കൈക്കൊള്ളുമോ ?

ആരോഗ്യവകുപ്പുമന്ത്രി (കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):

(എ) ഒറ്റമൂലി മരുന്നുകൾ ശരിയായ സംരക്ഷണം ലഭിക്കാതെ അന്യംനിന്നുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോൾ അവ സംരക്ഷിക്കുന്നതിനും കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുമായി മെഡിസിനൽ പ്ലാന്റ് ബോർഡ് പ്രവർത്തിച്ചുവരുന്നു.

(ബി) അംഗീകൃത യോഗ്യത നേടിയ സിദ്ധവൈദ്യൻമാർക്ക് അർഹമായ പ്രാധാന്യം നൽകുന്നുണ്ട്. എന്നാൽ 8-1-2003-ലെ കേരള ഹൈക്കോടതി വിധിയനുസരിച്ച് 1953-ലെ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് നിഷ്കർഷിക്കുന്ന നിശ്ചിത യോഗ്യതയുള്ളവർക്കുമാത്രമേ വൈദ്യവൃത്തിയിൽ ഏർപ്പെടാൻ യോഗ്യതയുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അക്കാരണത്താൽ നിശ്ചിത യോഗ്യതയില്ലാത്തവർക്ക് പ്രാക്ടീസ് ചെയ്യാനോ മരുന്ന് നിർമ്മാണത്തിൽ ലൈസൻസ് നൽകാനോ കഴിയാത്ത സാഹചര്യമുണ്ട്.